# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 36 | 11.12.2012ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി.വിൻസന്റ്<br>,, കെ. അച്ചുതൻ<br>,, വി.റ്റി.ബൽറാം<br>,, ആർ.സെൽവരാജ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) അവശ്യ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകാൻ കൺസ്യൂമർഫെഡ് എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) അവശ്യ നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് നൽകുന്നതിനു വേണ്ടി കൺസ്യൂമർ ഫെഡിന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് ശൃംഖല വിപുലീകരിക്കുന്നതിനും, ശക്തമാക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 120 സഞ്ചരിക്കുന്ന ത്രിവേണികൾ ആരംഭിച്ചിട്ടുണ്ട്. 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയേക്കാൾ 20% വരെ കുറഞ്ഞ വിലയ്ക്ക് വർഷം മുഴുവൻ ലഭ്യമാക്കുന്നതിന് കൂടുതൽ നന്മ സ്റ്റോറുകൾ കൺസ്യൂമർ ഫെഡറേഷൻ നേരിട്ടും സഹകരണ സംഘങ്ങൾ മുഖേനയും തുടങ്ങുന്നുണ്ട്. കൂടാതെ പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പച്ചക്കറി വിപണന കേന്ദ്രങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) ഏതെല്ലാം അവശ്യ നിത്യോപയോഗ സാധനങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് വിപണിയിൽ 15% മുതൽ 60% വരെ വിലകുറച്ച് ലഭ്യമാക്കുന്നത്. നന്മ സ്റ്റോറുകളിലൂടെ വർഷം മുഴുവൻ പൊതുവിപണിയേക്കാൾ ശരാശരി 20% വിലക്കുറവിൽ 10 ഇനം നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തുന്നതിനും പച്ചക്കറി വിപണന മേളയിലൂടെ 15 ഇനം പച്ചക്കറികൾ 30% മുതൽ 40% വരെ വില കുറച്ച് ലഭ്യ |

മാക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്.
ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(സി) ഇവ വിതരണം ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇവ വിതരണം ചെയ്യുന്നതിനായി 14 ജില്ലാതല സഹകരണ മേളകൾ, നിയോജക മണ്ഡലാടിസ്ഥാനത്തിൽ നടത്തുന്ന 140 വിപണന കേന്ദ്രങ്ങൾ, ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോർ/ സൂപ്പർമാർക്കറ്റ്/ മെഗാമാർട്ട്, നീതി സ്റ്റോറുകൾ, നന്മ സ്റ്റോറുകൾ, ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളുടെ ചില്ലറ വില്പന യൂണിറ്റുകൾ, സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന ക്രിസ്മസ് വിപണികൾ എന്നിവയിലൂടെയാണ് അവശ്യ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) ഇതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കും പ്രകാരമാണ്.

(1) നിത്യോപയോഗ സാധനങ്ങളുടെ വിതരണം റേഷൻകാർഡ് മുഖാന്തിരം പരിമിതപ്പെടുത്തിയിട്ടുണ്ട്.

(2) ജനങ്ങളുടെ സൗകര്യാർത്ഥം മുൻകൂർ രജിസ്ട്രേഷൻ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

(3) എല്ലാ നീതി ഗോഡൗണുകളിലും എല്ലാ സാധനങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.

(4) ക്രിസ്തുമസ് വിപണികളുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ പർച്ചേയ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിന് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

2012 ക്രിസ്മസ് വിപണിയിൽ 13 ഇനം നിത്യോപയോഗ സാധനങ്ങൾ 15% മുതൽ 60% വരെ വിലക്കുറച്ച് ലഭ്യമാക്കുന്നത് ചുവടെ ചേർക്കുന്നു.

## നിത്യോപയോഗ സാധനങ്ങൾ

| നമ്പർ | ഇനം |
|---|---|
| 1 | ജയ അരി |
| 2 | കുറുവ അരി |
| 3 | അരി മട്ട |
| 4 | പച്ചരി |
| 5 | പഞ്ചസാര |
| 6 | ചെറുപയർ |
| 7 | കടല |
| 8 | ഉഴുന്ന്(ബോൾ) |
| 9 | വൻപയർ |
| 10 | മല്ലി |
| 11 | തുവര പരിപ്പ് |
| 12 | മുളക് |
| 13 | വെളിച്ചെണ്ണ |

പച്ചക്കറി വിപണന മേളയിലൂടെ 15 ഇനം പച്ചക്കറികൾ 30% മുതൽ 40% വരെ വില കുറച്ച് ലഭ്യമാക്കുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു.

## പച്ചക്കറികൾ

| നമ്പർ | ഇനം |
|---|---|
| 1 | സവാള |
| 2 | ഉരുളകിഴങ്ങ് |
| 3 | ചുവന്നുള്ളി |
| 4 | തക്കാളി |
| 5 | പച്ചമുളക് |

| | |
|---|---|
| 6 | ഇഞ്ചി |
| 7 | ബീൻസ് |
| 8 | കാരറ്റ് |
| 9 | കാബേജ് |
| 10 | ബീറ്റ്റൂട്ട് |
| 11 | കറിക്കായ |
| 12 | വഴുതിനങ്ങ |
| 13 | മുരിങ്ങയ്ക്ക |
| 14 | വെള്ളരിക്ക |
| 15 | വെണ്ട യ്ക്ക |